പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2549 07.10.2016-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. യെ ശാക്തീകരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>" എസ്.രാജേന്ദ്രൻ<br>" ആന്റണി ജോൺ<br>" പി.ടി.എ. റഹീം | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ. എസ്. ആർ. ടി.സി. യെ ശാക്തീകരിക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാരിന്റെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി കെ.എസ്.ആർ.റ്റി.സിയുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഒരു രക്ഷാപാക്കേജ് തയ്യാറാക്കി വരികയാണെന്ന് പ്രസ്താവിച്ചിരുന്നു. ടി രക്ഷാപാക്കേജ് പരിശോധിച്ചുവരുന്നു.<br>കേരളാ സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സിയുടെ 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനിക വത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്.<br>പെൻഷൻ ബാദ്ധ്യതയുടെ പകുതി, അതായത് പ്രതിമാസം 20 കോടി രൂപ സർക്കാർ നല്കി വന്നിരുന്നത്, 27.5 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ